പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1182 | 12.06.2014- ലെ മറുപടിക്ക് |
|---|---|

## ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റിയുടെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>" ജി. എസ്. ജയലാൽ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം; | എ) | ഭക്ഷ്യഗുണനിലവാര നിയമത്തിൽ നിഷ്കർഷിക്കും പ്രകാരം ഗുണനിലവാരമുള്ളതും മായം ചേർക്കാത്തതുമായ ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയെന്നുള്ളതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രധാന ഉദ്ദേശലക്ഷ്യം. ടി ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനായി ടി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ബോധവൽക്കരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാർത്ഥികളെയും ഈ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച ബോധവൽക്കരണം നടത്തുവാൻ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട് |
| ബി) | പ്രസ്തുത അതോറിറ്റിക്കു കീഴിൽ എത്ര മേഖലകളുണ്ട്. ഓരോ മേഖലയിലും . ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്; | ബി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ ഓഫീസും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (ഇന്റലിജൻസ്) വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ നിയന്ത്രണത്തിൽ എല്ലാ നിയോജകമണ്ഡലത്തിലും ഓരോ ഫുഡ് സേഫ്റ്റി ഓഫീസും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സാമ്പിളുകൾ പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഓരോമേഖലയിലും എത്ര പരിശോധനകൾ നടത്തി; പരിശോധനകളുടെ മൊത്തത്തിലുള്ള ഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | സി) | സംസ്ഥാന വ്യാപകമായി ജില്ലാടിസ്ഥാനത്തിലും സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഈ വർഷം മാത്രം ഇത്തരത്തിൽ 1342 ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കുകയും 346 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 14 സ്ഥാപനങ്ങൾ അടപ്പിച്ചിട്ടുള്ളതും 1,86,000 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതുമാണ്. കൂടാതെ വെളിച്ചണ്ണയിൽ വ്യാപകമായി മായം ചേർക്കുന്നുവെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് വെളിച്ചെണ്ണയുമായി സംസ്ഥാനത്തേക്ക് വരുന്ന മുഴുവൻ ലോറികളിൽ നിന്നും സാമ്പിളുകൾ കർശനമായ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമേ നിലവിൽ കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. |
| ഡി) | ഇത്തരം മേഖലാ ഓഫീസുകളുടെ പ്രവർത്തനവും പരിശോധനകളുമെല്ലാം പ്രഹസനമായിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) | അത്തരത്തിലുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ എണ്ണം നിലവിൽ കുറവാണ്. ആയതിനാൽ എല്ലാ പരാതികളും ഉടൻതന്നെ പരിശോധിക്കുവാൻ കഴിയുന്നില്ലയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മറ്റു ജില്ലകളിൽ നിന്നുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാരെക്കൂടി പ്രത്യേകമായി നിയോഗിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ ജില്ലകളിലും വ്യാപകമായ പരിശോധന ഇതിനകം തുടങ്ങിയിട്ടുണ്ട്. കൂടാതെ ചേക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**